# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1821** — **7/3/2018-ൽ മറുപടിക്ക്**

### ആയുർവേദ ഡ്രഗ്ഗ് ലൈസൻസ് പുതുക്കാത്തത് മൂലമുള്ള പ്രതിസന്ധി

**ചോദ്യം**

**ശ്രീ.അനിൽ അക്കര**

എ) സംസ്ഥാനത്ത് ആയുർവേദ ഔഷധ നിർമ്മാണത്തിന് ആവശ്യമായ ഡ്രഗ്ഗ് ലൈസൻസ് പുതുക്കി നൽകാത്തത് മൂലവും മരുന്ന് കയറ്റുമതിക്ക് ആവശ്യമായ സർട്ടിഫിക്കറ്റുകൾ നൽകാത്തത് മൂലവും ഉളവായിട്ടുള്ള സ്ഥിതിവിശേഷം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

ബി) സംസ്ഥാനത്തെ ആയുർവേദ മരുന്ന് നിർമാണ കമ്പനികൾ ഈ പ്രതിസന്ധിമൂലം സംസ്ഥാനം വിടാനുള്ള സാധ്യത പരിഗണിച്ച് ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**മറുപടി**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

എ) ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ & ലൈസൻസിംഗ് അതോറിറ്റി (ആയുർവേദ, സിദ്ധ, യുനാനി) യുടെ നിയമനം സംബന്ധിച്ച് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ നടന്നുവരുന്ന കേസുകളിന്മേൽ അന്തിമവിധി ഉണ്ടാകാത്തതിനാലാണ് നിലവിലെ സ്ഥിതിവിശേഷം സംജാതമായിട്ടുള്ളത്.

ബി) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ നിലവിലുള്ള കേസുകളിന്മേലുള്ള വിധിന്യായങ്ങൾക്കനുസരിച്ച് മാത്രമേ ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

സെക്ഷൻ ഓഫീസർ